പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 2100 — 18.03. 2015 ൽ മറുപടിക്ക്

വൈദ്യുതി ദുരുപയോഗം തടയുവാൻ നടപടികൾ

ചോദ്യം — ഉത്തരം

ശ്രീമതി.കെ.എസ്. സലീഖ — ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വൈദ്യുതി ദുരുപയോഗം, അനധികൃതമായി കണക്ഷൻ എടുക്കൽ, കാർഷിക കണക്ഷൻ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കൽ എന്നിവ തടയുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (എ) | വൈദ്യുതി മോഷണം, അനധികൃതമായി കണക്ഷൻ എടുക്കൽ, കാർഷിക കണക്ഷൻ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കൽ എന്നിവ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ 13 ആന്റി പവർ തെഫ്റ്റസ്ക്വാഡുകൾ രൂപീകരിച്ച് നിരന്തരം പരിശോധനകൾ നടത്തി വരുന്നു. സംസ്ഥാനാടിസ്ഥാനത്തിലുള്ള ആന്റി പവർ തെഫ്റ്റ് സ്ക്വാഡിനു പുറമേ സെക്ഷൻ തലത്തിലും ഡിവിഷൻ തലത്തിലും സ്പെഷ്യൽ സ്ക്വാഡുകളും റീജിയണൽ ആഡിറ്റ് ഓഫീസിൽ നിന്നും ഉള്ള സ്പെഷ്യൽ സ്ക്വാഡുകളും നിലവിൽ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സ്ക്വാഡുകൾ മിന്നൽ പരിശോധന നടത്തി വൈദ്യുതി മോഷണം കണ്ടു പിടിച്ചു വരുന്നു. പരിശോധനാ വേളയിൽ ഏതെങ്കിലും ഉപഭോക്താവ് വൈദ്യുതി ദുരുപയോഗം, അനധികൃതമായി കണക്ഷൻ എടുക്കൽ, കാർഷിക കണക്ഷൻ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കൽ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നതായി കണ്ടെത്തിയാൽ അത്തരം ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം ഉടനടി വിച്ഛേദിക്കുകയും വൈദ്യുതി നിയമം 2003, സെക്ഷൻ 126 അനുശാസിക്കുന്ന പ്രകാരം പിഴ ഒടുക്കുന്നതിന് നോട്ടീസ് കൊടുക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്യുന്നു. പിഴ തുക ഒടുക്കുന്ന മുറയ്ക്ക് വൈദ്യുതിബന്ധം പുനഃസ്ഥാപിക്കുകയും ചെയ്തു വരുന്നു. എന്നാൽ ഉപഭോക്താവ് മനഃപൂർവ്വമാണ് ഇത്തരം പ്രവർത്തികളിലേർപ്പെടുന്നതെന്ന് പരിശോധന ഉദ്യോഗസ്ഥന് ഉത്തമവിശ്വാസം ഉള്ളപക്ഷം അത്തരം ഉപഭോക്താക്കൾക്കെതിരെ വൈദ്യുതി മോഷണത്തിന് പിഴചുമത്തുകയും ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നതാണ്. എന്നാൽ കോമ്പൌണ്ടിംഗ് ഫീ ഒടുക്കാൻ തയ്യാറാകുന്ന ഉപഭോക്താക്കളെ ക്രിമിനൽ നടപടികളിൽ നിന്നും ഒഴിവാക്കുന്നതാണ് (ഒറ്റത്തവണ മാത്രം). ഉപഭോക്താവിന്റെ മീറ്ററിലെ കൃത്രിമം തിരിച്ചറിയാൻ സംവിധാനമുള്ള എനർജി മീറ്ററുകൾ ബോർഡ് സ്ഥാപിച്ചു വരുന്നു. മീറ്ററിൽ കൃത്രിമം നടത്തിയ ദിവസവും സമയവും പ്രസ്തുത മീറ്ററുകളിൽ രേഖപ്പെടുത്തുന്നതിനാൽ ഇത്തരത്തിലുള്ള മോഷണം തടയൽ ഫലപ്രദമാണ്. വൈദ്യുതി മോഷണം പൊതുജനങ്ങളുടെ ശ്രദ്ധയിൽ പ്പെട്ടാൽ ഇത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കുന്നതിനായി ബോർഡിന്റെ വിജിലൻസ് വിഭാഗം ഓഫീസർമാരു ടെയും അതാത് ഓഫീസ് മേലധികാരികളുടെയയും ഫോൺ നമ്പർ എല്ലാ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. വൈദ്യുതി മോഷണം സംബന്ധിച്ചുള്ള വിവരം കൈമാറുന്നവർക്ക് പാരിതോഷികവും പ്രഖ്യാപിച്ചിട്ടുണ്ട്. വൈദ്യുതി മോഷണം കണ്ടുപിടിക്കപ്പെട്ടാൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുകളെക്കുറിച്ച് ദൃശ്യമാധ്യമങ്ങളിലൂടെയും പത്ര മാധ്യമങ്ങളിലൂടെയും ആവശ്യമായ പ്രചാരം പൊതുജനങ്ങൾക്ക് നൽകുന്നുമുണ്ട്. |
| (ബി) | ശ്രീ. ഋഷിരാജ്സിംഗ് കെ.എസ്.ഇ.ബി. ചീഫ് വിജിലൻസ് ഓഫീസറായി നിയമിതനായത് എന്ന് എന്നും ശേഷം എത്ര കോടി രൂപയുടെ വൈദ്യുതി മോഷണം കണ്ടെത്തി | (ബി) | ശ്രീ. ഋഷിരാജ്സിംഗ് 05.09.2014-ന് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ചീഫ് വിജിലൻസ് ഓഫീസറായി ചുമതലയേറ്റ ശേഷം 5,43,70,502/- രൂപയുടെ വൈദ്യുതി മോഷണം കണ്ടെത്തുകയും അതിൽ 4,72,55,553/- രൂപ |

| | | | |
|---|---|---|---|
| | യിട്ടുണ്ടെന്നും എത്ര തുക പിഴയായി ഈടാക്കിയെന്നും വ്യക്തമാക്കാമോ; | | പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | വൈദ്യുതി മോഷണം സംബന്ധിച്ച് വിവരം നൽകുന്നവർക്ക് വകുപ്പ് പാരിതോഷികം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണ് ഇത് പ്രഖ്യാപിച്ചത്; ഇതിലൂടെ എത്ര മോഷണക്കേസുകൾ കണ്ടെത്തി; എത്ര തുക ഇതിലൂടെ പിഴയിനത്തിൽ ഈടാക്കി; എത്ര തുകപാരിതോഷികമായിനൽകി; വിശദാംശം ലഭ്യമാക്കാമോ? | (സി) | ഉണ്ട്. 03.03.2006-ലും 03.04.2013-ലും ബോർഡ് ഇത് സംബന്ധിച്ച് ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്. ഇതിലൂടെ 19 മോഷണക്കേസുകൾ കണ്ടെത്തുകയും 24,27,213/- രൂപ പിഴയിനത്തിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. പൊതുജന താത്പര്യ പ്രകാരവും, പാരിതോഷികം ലഭിക്കുന്നതിനു-<br><br>വേണ്ടിയും വ്യക്തികൾ മോഷണ വിവരം നൽകാറുണ്ട്. ഏതെങ്കിലും വ്യക്തികൾ രേഖാമൂലം മോഷണ വിവരം അറിയിക്കുന്ന പക്ഷം അത്തരം വ്യക്തികളുടെ പാരിതോഷികത്തിനുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അവർ നൽകിയ സൂചന പ്രകാരം കണ്ടുപിടിക്കപ്പെടുന്ന വൈദ്യുതി മോഷണത്തിന്റെ പിഴ തുകയുടെ 5% അല്ലെങ്കിൽ 50,000/- രൂപ ഏതാണോ കുറവ് ആ തുക ടി മോഷണത്തിന്റെ എല്ലാ നടപടി ക്രമങ്ങളും പൂർത്തിയാകുന്ന മുറയ്ക്ക് പാരിതോഷികമായി നൽകുന്നതാണ്.<br>(1) പരപ്പനങ്ങാടി ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള 25132-ാം നമ്പരായുള്ള ഉപഭോക്താവ് വൈദ്യുതി മോഷണം തടയുന്നതിനായി ലഭിച്ച സൂചനയുടെ അടിസ്ഥാനത്തിൽ മലപ്പുറം എ.പി.റ്റി.എസ്. സ്ക്വാഡ് 23.02.2013-ന് ടി സ്ഥലം പരിശോധിക്കുകയും 92,721/- രൂപയുടെ വൈദ്യുതി മോഷണം കണ്ടെത്തുകയും ചെയ്തു. ഈ തുകയുടെ 5% ആയ 4,636/- രൂപ വിവരം നൽകിയ ആൾക്ക് ബോർഡ് പാരിതോഷികമായി നൽകുകയുണ്ടായി.<br><br>(2) ചീഫ് വിജിലൻസ് ഓഫീസറുടെ കാര്യാലയത്തിൽ ലഭിച്ച സൂചനയുടെ അടിസ്ഥാനത്തിൽ കോട്ടയം എ.പി.റ്റി.എസ്. യൂണിറ്റ് 16.09.2014-ന് കടുത്തുരുത്തി സെക്ഷന്റെ കീഴിലുള്ള 20435-ാം |

| | | | |
|---|---|---|---|
| | | | നമ്പരായുള്ള ഉപഭോക്താ വിന്റെ മീറ്ററും അനുബന്ധ ഉപകരണങ്ങളും പരിശോധിക്കുകയും 4,67,817/- രൂപയുടെ വൈദ്യുതി മോഷണം കണ്ടെത്തുകയും ചെയ്യുകയുണ്ടായി. ഈ തുകയുടെ 5% ആയ 23,390/- രൂപ സൂചന നൽകിയ വ്യക്തിയ്ക്ക് നൽകുവാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br><br>(3) മുതുകുളം ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള 2080-ാം നമ്പരായുള്ള ഉപഭോക്താവ് എ.പി.റ്റി.എസ്. തിരുവല്ല യൂണിറ്റ് 11.11.2014-ന് പരിശോധന നടത്തി 27,156/- രൂപയുടെ വൈദ്യുതി മോഷണം കണ്ടെത്തി. സൂചന നൽകിയ വ്യക്തിയ്ക്ക് ഈ തുകയുടെ 5% ആയ 1,357/- രൂപ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>(4) തൊടുപുഴ ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള 12012 നമ്പരായുള്ള ഉപഭോക്താവിന്റെ മീറ്ററും അനുബന്ധ ഉപകരണങ്ങളും എ.പി.റ്റി.എസ്. വാഴത്തോപ്പ് യൂണിറ്റ് 02.08.2014-ന് പരിശോധന നടത്തി 2,12,160/- രൂപയുടെ വൈദ്യുതി മോഷണം കണ്ടെത്തി. സൂചന നൽകിയ വ്യക്തിയ്ക്ക് ഈ തുകയുടെ 5% ആയ 10,608/- രൂപ നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ